സർവ്വേ ടീമിനെ തെരഞ്ഞെടുത്ത് സർവ്വേ മുഖേന പദ്ധതി നടപ്പാക്കാനുള്ള ആശ്രുപത്രികളെ തെരഞ്ഞെടുക്കുകയും അതാത് ആശ്രുപത്രികളിലെ പ്രോജക്ട് നടത്തിപ്പിനായി പദ്ധതി നിർവ്വാഹക സമിതി രൂപപ്പെടുത്തുകയും ചെയ്തിരുന്നു. ചെയർമാൻ, ജനറൽ കൺവീനർ, 2 കൺവീനർമാർ എന്നിവരടങ്ങിയതായിരിക്കും പദ്ധതി നിർവ്വാഹക സമിതി.

തെരഞ്ഞെടുത്ത ആശ്രുപത്രികളെ കുറിച്ച് പഠിച്ച് അവിടെ ചെയ്യേണ്ടിവരുന്ന അറ്റകുറ്റപ്പണികൾ, മറ്റ് ജോലികൾ അതിനാവശ്യമായ വിഭവങ്ങൾ (മനുഷ്യ വിഭവശേഷി, പണം, വസ്തുക്കൾ, സമയം) ഇവയെക്കുറിച്ച് മുൻധാരണ ഉണ്ടാക്കുക, വിഭവ സമാഹരണം നടത്തുക, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും നിശ്ചിത ആശ്രുപത്രികളുടെയും അനുമതി, സഹകരണം ഇവ നേടിയെടുക്കുക, പദ്ധതി പ്രദേശത്തിനടുത്തുള്ള യുവജന സംഘടനകളെ പദ്ധതിയുടെ ആവശ്യകത ബോദ്ധ്യപ്പെടുത്തുക, പദ്ധതിയിൽ അവരുടെ പങ്കാളിത്തം ഉറപ്പാക്കുക, സാങ്കേതിക പരിജ്ഞാനമുള്ള 75 എൻ.എസ്.എസ്. വോളണ്ടിയർമാരേയും 25 സ്റ്റാഫിനേയും ഓരോ ഹോസ്പിറ്റലിനുമായി പ്രത്യേകം തെരഞ്ഞെടുക്കുക, പദ്ധതി പ്രദേശത്ത് അഡീഷണൽ ടെക്നിക്കൽ സർവ്വീസ് ക്യാമ്പ് നടത്തുക എന്നീ പ്രവർത്തനങ്ങളും നടത്തിയിരുന്നു.

(ഡി) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡും നാഷണൽ സർവ്വീസ് സ്കീം ടെക്നിക്കൽ സെൽ കേരളയുമാണ് ഇതുമായി സഹകരിച്ചിട്ടുള്ളത്.

വ്യാവസായിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം

23(*202) ശ്രീ. ബി. സത്യൻ :
ശ്രീ. എളമരം കരീം :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യാവസായിക മേഖലയിൽ ആവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കിക്കൊടുക്കുന്നതിന് സാദ്ധ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) സ്റ്റാർട്ടപ്പ് വില്ലേജിലടക്കംവരുന്ന നൂതന ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിനുവേണ്ടി അടിസ്ഥാന സൗകര്യമൊരുക്കുന്നതിന് സാദ്ധ്യമാകുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(സി) അടിസ്ഥാന സൗകര്യമൊരുക്കുന്നതിലുണ്ടാകുന്ന വീഴ്ച വ്യാവസായിക മേഖലയ്ക്ക് തിരിച്ചടിയാവുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ ; ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാത്തതിന്റെ പേരിൽ ഇൻഫോസിസ് പോലുള്ള സ്ഥാപനങ്ങൾ ഐ.ടി. വികസനത്തിന് എടുത്ത ഭൂമി തിരിച്ചുനൽകിയ സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) ഉണ്ട്.

(ബി) സ്റ്റാർട്ടപ്പ് വില്ലേജിലടക്കം വരുന്ന നൂതന ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിനുവേണ്ടി അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നുണ്ട്.

(സി) വ്യാവസായിക മേഖലയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യമൊരുക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടില്ല. സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള വ്യവസായ വികസന ഏരിയ/പ്ലോട്ട്/പാർക്കുകളിലെല്ലാം അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ഏകജാലക സംവിധാനം ഉൾപ്പടെയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയതുവഴി വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

(ഡി) ഇല്ല. തിരുവനന്തപുരത്തെ ഇൻഫോസിസിന്റെ രണ്ടാമത്തെ കാമ്പസിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളെല്ലാംതന്നെ ടെക്നോപാർക്ക് ഒരുക്കിയിട്ടുണ്ട്.

ഹരിത യൗവ്വനം പദ്ധതി

24(*203) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജനക്ഷേമ ബോർഡ് ഭക്ഷ്യ സുരക്ഷയിൽ യുവാക്കളെ പങ്കാളികളാക്കി ഹരിതയൗവ്വനം പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം ; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly